ഭരണ ഭാഷ മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്
**തിരുവനന്തപുരം**

**മേലെഴുത്ത് നമ്പർ DTETVM/8509/2025-L1 (PLA) തിയതി:05-01-2026**

**സൂചന :** 18.12.2025 ലെ സർക്കാർ ഉത്തരവ് നമ്പർ : സ.ഉ.(സാധാ) നം.1576/2025/HEDN

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ പോളിടെക്നിക് കോളേജിലെ അതിഥി അദ്ധ്യാപകരുടെ വേതനം പുതുക്കി നിർണ്ണയിച്ച് കൊണ്ടുള്ള സൂചന സർക്കാർ ഉത്തരവ് എല്ലാ സ്ഥാപന മേധാവികളുടെയും അറിവിലേയ്ക്കും തുടർനടപടികൾക്കുമായി അയയ്ക്കുന്നു .

**Shibu R S**
**DEPUTY DIRECTOR GENERAL**

പകർപ്പ്

Signed by
Shibu R S
Date: 05-01-2026 08:03:01

1. എല്ലാ സ്ഥാപന മേധാവികൾക്കും (വെബ്സൈറ്റ് മുഖേന )
2. സൂപ്രണ്ട് , അക്കൌണ്ട്സ് സെക്ഷൻ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നതവിദ്യാഭ്യാസ വകുപ്പ് - സാങ്കേതിക വിദ്യാഭ്യാസം - വകുപ്പിനു കീഴിലെ പോളിടെക്നിക്ക് കോളേജുകളിലെ അതിഥി അധ്യാപകരുടെ വേതനം പുതുക്കി നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.1576/2025/HEDN തീയതി,തിരുവനന്തപുരം, 18-12-2025

---

പരാമർശം:-
1. സ.ഉ.(അ) നം.54/2025/ധന തീയതി 19.04.2025
2. സ.ഉ (സാധാ) നം.723/2025/ഉവിവ തീയതിയിലെ 05.06.2025
3. സ.ഉ.(സാധാ) നം.1449/2025/ഉ.വി.വ തീയതി 16.11.2025
4. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 24.11.2025-ലെ DTETVM/8509/2025-L1 (PLA) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോളേജ് വിദ്യാഭ്യാസ വകുപ്പ്/സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവയ്ക്ക് കീഴിലെ അതിഥി അധ്യാപകരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (2) ഉത്തരവ് പ്രകാരം നിശ്ചയിക്കപ്പെട്ടിരുന്ന വേതന നിരക്കുകൾ, യു.ജി.സി യോഗ്യത ഉള്ള അതിഥി അദ്ധ്യാപകർക്ക് പ്രതിദിനം 2300/- രൂപ നിരക്കിൽ പരമാവധി 52,000/- രൂപയായും യു.ജി.സി യോഗ്യത ഇല്ലാത്ത അതിഥി അദ്ധ്യാപകർക്ക് പ്രതിദിനം 2000/- രൂപ നിരക്കിൽ 47,000/- രൂപയായും പുതുക്കി നിർണ്ണയിച്ച് പരാമർശം (3) ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ പോളിടെക്നിക്ക് കോളേജുകളിലെ അതിഥി അധ്യാപകരുടെ പരാമർശം (1) പ്രകാരം നിശ്ചയിച്ചിട്ടുള്ള വേതനനിരക്കും ഉചിതമായി പരിഷ്കരിക്കണമെന്ന് പരാമർശം (4) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സംസ്ഥാനത്തെ പോളിടെക്നിക്ക് കോളേജുകളിലെ അതിഥി അധ്യാപകർക്ക് നിലവിൽ പരാമർശം (1) ഉത്തരവ് പ്രകാരം അനുവദനീയമായിട്ടുള്ള 1530 രൂപ എന്ന ദിവസവേതനം 1630 രൂപയായും പരമാവധി പ്രതിമാസ വേതനം 48,230 രൂപയായും 01.12.2025 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് എം
ജോയിന്റ് സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, കോട്ടയം.
ധനകാര്യ (വിദ്യാഭ്യാസ സി) വകുപ്പ്
ഉന്നതവിദ്യാഭ്യാസ (F) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
www.highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signed by Geetha Lekshmi.
G
Date: 18-12-2025 17:44:37

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്